# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 878

29/09/2011 ൽ മറുപടിക്ക്

## സമഗ്ര വിദ്യാഭ്യാസ പാക്കേജ്

**ചോദ്യം**

ശ്രീ. എം.വി.ശ്രേയാംസ് കുമാർ

(എ) ഈ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ പാക്കേജിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പാക്കേജ് പ്രകാരം രൂപീകരിക്കുന്ന ടീച്ചേഴ്സ് ബാങ്കിന്റെ ഘടനയും പ്രവർത്തനവും എപ്രകാരമായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) എയ്ഡഡ്/മാനേജ്മെന്റ് സ്കൂളുകളെ സമഗ്ര വിദ്യാഭ്യാസ പാക്കേജിന്റെ ഭാഗമാക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) (ബി) & (സി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മേഖലയിലെ നിയമനത്തിന് ശാസ്ത്രീയ രീതിനടപ്പിലാക്കുന്നതിനും അധികാദ്ധ്യാപകരെ വിന്യസിക്കുന്നതിനും ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ സെക്രട്ടറി എന്നിവരടങ്ങിയ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട്10-08-2011-ൽ കൂടിയ ബഹു. മന്ത്രിസഭായോഗം തത്വത്തിൽ അംഗീകരിച്ചു. ഇക്കാര്യം എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുമായും അദ്ധ്യാപകസംഘടനകളുമായും ചർച്ച

ചെയ്ത് നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി കൺവീനറായ മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയും ചെയ്തു. മന്ത്രിസഭാ ഉപസമിതി മാനേജ്മെന്റ് പ്രതിനിധികളുമായും, അദ്ധ്യാപകസംഘടനകളുമായും ചർച്ചനടത്തുകയും.
ചർച്ചകളുടെ അടിസ്ഥാനത്തിൽ പാക്കേജിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. 28/9/2011 ൽ കൂടിയ മന്ത്രിസഭായോഗം പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ